# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1022 05.03.2020 ൽ മറുപടിക്ക്**

**ഇഞ്ചത്തൊട്ടി പാലം നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ-കീരംപാറ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്ക് വളരെ ഉപകാരപ്രദവുമായ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കാമോ;

ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 5.50 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഭരണാനുമതിക്കായി തയ്യാറാക്കിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

സി) പ്രൈസ് ഐ.ഡി നം.: ആർ.ഡി/2018/7709 ആയി തയ്യാറാക്കിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

ഡി) പ്രദേശവാസികൾക്ക് ഏറെ ഉപകാരപ്രദമാകുന്ന പ്രസ്തുത പാലം നിർമ്മാണത്തിന് വേഗത്തിൽ അനുമതി നല്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**ഉത്തരം**

എ) ബി) സി) & ഡി) ഇഞ്ചത്തൊട്ടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 5.50 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും എന്നാൽ റോഡ് ഒ.ഡി.ആർ വിഭാഗത്തിൽ വരുന്നതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. 2019 - 20 വർഷത്തിലെ ബഡ്ജറ്റിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിരുന്നില്ല . എന്നാൽ 2020-21 വർഷത്തിലെ ബഡ്ജറ്റിൽ (വാല്യം 2 ക്രമനമ്പർ 455 പേജ് നംപർ 27) ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഉടൻ അനുമതി നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ